ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിലും നിയമസഭകളിലും 33 ശതമാനം വനിതാ സംവരണം നടപ്പിലാക്കുന്നതിനെ രാഷ്ട്രീയ പോരാട്ടമായി കാണാതെ എല്ലാ പാർട്ടികളും പിന്തുണയ്ക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has urged all parties to support the implementation of 33 percent reservation for women in Parliament and state assemblies without considering it a political battle.**

2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി തമിഴ്നാട്ടിലെത്തിയ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണന് ഊഷ്മള സ്വീകരണം.

   **Warm welcome for Vice President C.P. Radhakrishnan, who arrived in Tamil Nadu on a two-day visit.**

3. മുൻ പ്രധാനമന്ത്രി എ.ബി വാജ്പേയിയുടെ ചരമവാർഷിക ദിനത്തിൽ ആദരാഞ്ജലി അർപ്പിച്ച് രാജ്യം. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി

തുടങ്ങിയവർ -സദൈവ് അടലിൽ പുഷ്പാർച്ചന നടത്തി.

**The country paid tributes to former PM A.B. Vajpayee on his death anniversary. The President, VP,PM and others paid floral tributes to 'Sadaiv Atal'.**

4. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് രാജസ്ഥാനിൽ 6,000ത്തോളം കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ രാജ്യത്തിന് സമർപ്പിക്കും.

   **Union Home Minister Amit Shah will dedicate various development projects worth about Rs 6,000 crore to the country in Rajasthan today.**

5. ഓണത്തെ വരവേറ്റ് മലയാളക്കര. തൃപ്പൂണിത്തുറ അത്തച്ചമയം ആഘോഷത്തിന് പ്രൗഢോജ്ജ്വല തുടക്കം.

   **Keralam welcomes Onam. A glorious start to the Tripunithura Attachamayam celebrations.**

6. തുടർച്ചയായി രണ്ടാം തവണയും ഇ സ്പോർട്സ് ലോകകപ്പ് ചെസ്സ് കിരീടം നേടി മാഗ്നസ് കാൾസൺ.

   **Magnus Carlsen won the E-Sports World Chess Championship for the second time in a row.**

$$$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PM – WOMEN RESERVATION**

പാർലമെന്റിലും നിയമസഭകളിലും 33 ശതമാനം വനിതാ സംവരണം നടപ്പിലാക്കുന്നതിനെ രാഷ്ട്രീയ പോരാട്ടമായി കാണാതെ എല്ലാ പാർട്ടികളും പിന്തുണയ്ക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്ത്രീകളെ ആദരിക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും മുന്നോട്ടുവരണം. ഇന്ത്യയുടെ നയരൂപീകരണത്തിൽ സംഭാവന നൽകാൻ സ്ത്രീകൾക്ക് അവസരം നൽകണമെന്നും ഡൽഹി ചുവപ്പുകോട്ടയിൽ നടത്തിയ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. രാജ്യത്തെ ദരിദ്രരും ഇടത്തരക്കാരുമായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ഓൺലൈൻ പരീക്ഷാ പരിശീലനം നൽകുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു. മികച്ച അധ്യാപകരുടെ നേതൃത്വത്തിൽ എല്ലാവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള വിപ്ലവകരമായ ചുവടുവയ്പാണിതെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$

**PM – ISRAEL**

സ്വാതന്ത്ര്യദിനത്തിൽ ആശംസകൾ അറിയിച്ച ഇസ്രായേൽ പ്രസിഡന്റ് ഐസക് ഹെർസോഗിനോടും പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവിനോടും പ്രധാനമന്ത്രി നരേന്ദ്ര മോദി നന്ദി പറഞ്ഞു. ഇന്ത്യ-ഇസ്രായേൽ പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെ പുതിയ അവസരങ്ങൾ തുറക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഇസ്രായേലുമായുള്ള സൗഹൃദത്തിന് ഇന്ത്യ വലിയ പ്രാധാന്യമാണ് നൽകുന്നതെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$$$$$$$

**JERUSALEM'S FRIENDSHIP BRIDGE**

ഇന്ത്യയുടെ 80-ാാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജറുസലേ മിലെ കോർഡ്സ് ബ്രിഡ്ജ് എന്ന അറിയപ്പെടുന്ന ഇന്ത്യാ- ഇസ്രയേൽ സൗഹൃദപാലം ത്രിവർണ്ണ പതാകയുടെ നിറങ്ങളിൽ അലംകൃതമായി. ഇതിൻറെ ദൃശ്യം ഇസ്രായേലിലെ ഇന്ത്യൻ എംബസി സാമൂഹ്യമാധ്യമമായ X-ൽ പങ്കിട്ടു. ഇന്ത്യയും ഇസ്രായേലും തമ്മിലുള്ള ബന്ധത്തിന്റെ ഉറച്ച പ്രതീകമാണ് ഇത് തെളിയിക്കുന്നതെന്ന് എംബസി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$

**SURYAPATH TIRANGA (INTRO)**

***ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സൂര്യപഥ് തിരംഗ ആഗോള റിലേ പരിപാടി സമാപിച്ചു. ഇതാദ്യമായാണ് വിവിധ സമയമേഖലകളിലൂടെ സഞ്ചരിക്കുന്ന ഇത്തരമൊരു സംരംഭം സംഘടിപ്പിക്കുന്നത്.***

***ഒരു റിപ്പോർട്ട്:***

***(VO)***

***ഫിജിയിലെ ഇന്ത്യൻ ഹൈക്കമ്മീഷനിൽ നിന്ന് ആരംഭിച്ച സൂര്യപഥ് തിരംഗ റിലേ, ലോകമെമ്പാടും ഇന്ത്യൻ ദേശീയ പതാകയുടെ ചൈതന്യം പകർന്നുനൽകി. സാൻ ഫ്രാൻസിസ്കോയിലെ ഇന്ത്യൻ കോൺസൽ ജനറൽ പതാക ഉയർത്തിയതോടെയാണ് റിലേ സമാപിച്ചത്. ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാാം വാർഷികത്തെയും റിലേ അടയാളപ്പെടുത്തി. 54 രാജ്യങ്ങളിലൂടെയാണ് സൂര്യപഥ് തിരംഗ റിലേ കടന്നു പോയത്. ഇന്ത്യൻ സമൂഹത്തെയും ഇന്ത്യയുടെ സുഹൃത് രാജ്യങ്ങളെയും ഒന്നിപ്പിച്ചു കൊണ്ട് സംഘടിപ്പിച്ച പരിപാടിക്ക് മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു.***

***ന്യൂസ്ഡെസ്ക് ആകാശവാണി......***

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**VP - TAMIL NADU**

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണന്റെ രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് തുടക്കമായി. ചെന്നൈ വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർക്കേലേക്കറുടെ നേതൃത്വത്തിൽ ഉപരാഷ്ട്രപതിക്ക് ഊഷ്മള സ്വീകരണം നൽകി. ഇന്നും നാളെയുമായി ചെന്നൈ, തിരുവാരൂർ, തഞ്ചാവൂർ എന്നിവിടങ്ങളിൽ നടക്കുന്ന വിവിധ അക്കാദമിക്, അനുസ്മരണ, സാഹിത്യ പരിപാടികളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**PREZ PM-VAJPAYEE TRIBUTE**

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ചരമവാർഷിക ദിനത്തിൽ ആദരാഞ്ജലി അർപ്പിച്ച് രാജ്യം. വാജ്പേയിയുടെ സമാധിസ്ഥലമായ ന്യൂഡൽഹിയിലെ 'സദൈവ് അടലിൽ' രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ്, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ തുടങ്ങിയവരും വാജ്പേയിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. 2015 ൽ രാജ്യം ഭാരതരത്ന പുരസ്കാരം നൽകി ആദരിച്ച വാജ്പേയ് 2018 ഓഗസ്റ്റ് 16 നാണ് വിടവാങ്ങിയത്.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**AMIT SHAH-RAJASTHAN VISIT**

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ രാജസ്ഥാനിലെ 'അൽവാർ സരസ് ഡയറി കോംപ്ലക്സി'ൽ പുതിയ ഡയറി പ്ലാൻറിൻറെ തറക്കല്ലിടൽ ഇന്ന് നിർവഹിക്കും. രാജസ്ഥാനിലെ 17 ജില്ലകളിലായി 6,262 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും ഇതോടൊപ്പം

ഓൺലൈനായി അദ്ദേഹം നിർവഹിക്കും. റോസ്ഗാർ ഉത്സവിന്റെ ഭാഗമായി പുതുതായി നിയമിതരായ 10,500-ലധികം ഉദ്യോഗസ്ഥർക്ക് നിയമന ഉത്തരവുകളും കേന്ദ്രമന്ത്രി വിതരണം ചെയ്യും.

$$$$$$$$$$$$$$$$$$$$$$$

**INDIA - BRICS MEETING**

പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. ചൊവ്വാഴ്ച ന്യൂഡൽഹിയിൽ നടക്കുന്ന യോഗത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് അധ്യക്ഷനാകും. യോഗത്തിനു മുന്നോടിയായി, പരിസ്ഥിതി വർക്കിംഗ് ഗ്രൂപ്പിന്റെയും കാലാവസ്ഥാ വ്യതിയാനം സുസ്ഥിര വികസനം എന്നിവ കൈകാര്യം ചെയ്യുന്ന മുതിർന്ന ഉദ്യോഗസ്ഥരുടെയും യോഗം നാളെ നടക്കും.

$$$$$$$$$$$$$$$$$$$$$$$

**NTA-ANSWER KEYS RELEASED**

ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ നടന്ന UGC-NET പരീക്ഷയിലെ 84 വിഷയങ്ങൾക്കായുള്ള താൽക്കാലിക ഉത്തരസൂചികകൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രസിദ്ധീകരിച്ചു. ഇതുസംബന്ധിച്ച പരാതികൾ ഔദ്യോഗിക UGC-NET പോർട്ടൽ വഴി ഈ മാസം 18 വരെ അറിയിക്കാവുന്നതാണ്. ഓരോ ചോദ്യത്തിനും 200 രൂപ പ്രോസസ്സിംഗ് ഫീസ് ബാധകമായിരിക്കുമെന്ന് NTA വ്യക്തമാക്കി. ഇംഗ്ലീഷ്, കൊമേഴ്സ്, സോഷ്യോളജി ചോദ്യപേപ്പറുകളിലുണ്ടായ പിശകുകളെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനായി സമിതിയെ നിയോഗിച്ചതായും NTA അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......**

**(ബ്രേക്ക്)**

$$$$$$$$$$$$$$$$$$$$$$$

**HEADLINE-5**

**ATHACHAMAYAM ONAM – CM**

ഓണക്കാലത്തിന്റെ വരവറിയിച്ചു തൃപ്പൂണിത്തുറ അത്തച്ചമയം ആഘോഷത്തിന് പ്രൗഢോജ്ജ്വല തുടക്കം. തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ മൈതാനിയിൽ ഒരുക്കിയ അത്തം നഗറിൽ രാവിലെ അത്താഘോഷ പരിപാടികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു. മന്ത്രി അനൂപ് ജേക്കബ് പതാക ഉയർത്തി. ചലച്ചിത്ര താരം ജഗദീഷ് വിശിഷ്ടാതിഥി ആയി. രണ്ടായിരത്തോളം കലാകാരന്മാരാണ് ഘോഷയാത്രയിൽ അണിനിരന്നത്.

$$$$$$$$$$$$$$$$$$$$$$$

**IND–SL CRICKET TEST**

ഗാലെയിൽ ഇന്ത്യ-ശ്രീലങ്ക ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിവസത്തെ കളി മഴ മൂലം വൈകുന്നു. ആദ്യം ബാറ്റ് ചെയ്യുന്ന ഇന്ത്യ ഒന്നാം ദിവസം കളി നിർത്തുമ്പോൾ രണ്ട് വിക്കറ്റിന് 288 റൺസ് എന്ന നിലയിലാണ്.

$$$$$$$$$$$$$$$$$$$$$$$

**BWF C SHIP DELHI (INTRO)**

*ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന് നാളെ ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ തുടക്കമാകും. 2009 പതിപ്പിന് ശേഷം ഇന്ത്യ ടൂർണമെന്റിന് ആതിഥേയത്വം വഹിക്കുന്നത് ഇത് രണ്ടാം തവണയാണ്.*

*വിശദാംശങ്ങളിലേക്ക്.....*

**(VO)**

ഈ മാസം 23 വരെയാണ് ചാമ്പ്യൻഷിപ്പ്. വനിതാ സിംഗിൾസിൽ മുൻ ലോക ചാമ്പ്യൻ പിവി സിന്ധു ഇന്ത്യക്കായി കളത്തിലിറങ്ങും. ജപ്പാൻ ഓപ്പൺ നേടിയതിന് ശേഷം ആറാമത്തെ ലോക ചാമ്പ്യൻഷിപ്പ്

മെഡലാണ് പിവി സിന്ധു ലക്ഷ്യമിടുന്നത് . പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ മികച്ച പ്രകടനം കാഴ്ചവയ്ക്കുമെന്നാണ് പ്രതീക്ഷ. യുവതാരം ആയുഷ് ഷെട്ടി, പുരുഷ ഡബിൾസ് ജോഡിയായ സാത്വിക്സായിരാജ് റാങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി, വനിതാ ഡബിൾസ് സഖ്യം ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് എന്നിവരും ഇന്ത്യയുടെ മെഡൽ പ്രതീക്ഷയാണ്. ലോക ചാമ്പ്യൻഷിപ്പിൽ മിക്സഡ് ഡബിൾസിൽ ഇന്ത്യ ഇതുവരെ മെഡൽ നേടിയിട്ടില്ല. ന്യൂസ് ഡെസ്ക് ആകാശവാണി.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

### CHESS ESPORTS WORLD CUP

തുടർച്ചയായി രണ്ടാം തവണയും ഇ സ്പോർട്സ് ലോകകപ്പ് ചെസ്സ് കിരീടം നേടി മാഗ്നസ് കാൾസൺ . ഫ്രാൻസിലെ പാരീസിൽ നടന്ന മത്സരത്തിൽ ബെലാറഷ്യൻ താരം ഡെനിസ് ലസാവികിനെ 2-0 എന്ന സ്കോറിന് കാൾസൺ പരാജയപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$$$$

### RAMESH CHENNITHALA

ഓണാഘോഷത്തിന്റെ മറവിൽ ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടിയുണ്ടാകുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് തൂഫാൻ ഐ ഉടൻ ആരംഭിക്കുമെന്നും ഈ നിരീക്ഷണ സംവിധാനം വിദ്യാർത്ഥികളെ ലഹരിയിൽ നിന്ന് രക്ഷിക്കുമെന്നും ശ്രീ. രമേശ് ചെന്നിത്തല സമൂഹമാധ്യമത്തിൽ വ്യക്തമാക്കി . പോലീസും ജനങ്ങളും ഒരുമിച്ചാൽ ലഹരിമാഫിയയ്ക്ക് വളരാനാകില്ല എന്നതിൻറെ ഏറ്റവും വലിയ ഉദാഹരണമാണ് ഓപ്പറേഷൻ തൂഫാൻ എന്ന് ആഭ്യന്തരമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$

### SABARIMALA

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും. തന്ത്രി കണ്ഠര് ബ്രഹ്മദത്തന്റെ നേതൃത്വത്തിലാണ് ചടങ്ങുകൾ നടക്കുക. പമ്പാ മേൽശാന്തിമാരുടെ നറുക്കെടുപ്പ് നാളെ നടക്കും.

$$$$$$$$$$$$$$$$$$$$$$$$

## REV.CBDT-FAST DS RULE

രാജ്യത്തെ ചെറുകിട നികുതിദായകരുടെ വിദേശ ആസ്തികൾ - വെളിപ്പെടുത്തൽ പദ്ധതി നിയമങ്ങൾ 2026 പദ്ധതി ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. ഈ പദ്ധതി പ്രകാരം ചെറുകിട നികുതിദായകർക്ക് അവരുടെ വിദേശ ആസ്തികൾ സംബന്ധിച്ച് വെളിപ്പെടുത്തൽ നടത്തുന്നതിനുള്ള അവസാന തീയതി ഈ വർഷം ഡിസംബർ 31 ആണ്. ഈ തീയതിക്ക് ശേഷം വെളിപ്പെടുത്തലുകൾ സമർപ്പിക്കാൻ കഴിയില്ല. 2026 ലെ ധനകാര്യ നിയമത്തിന്റെ നാലാം അധ്യായത്തിൽ അടങ്ങിയിരിക്കുന്ന ഒറ്റത്തവണ സ്വമേധയാ വെളിപ്പെടുത്തൽ പദ്ധതി പ്രകാരമാണ് നടപടി . .

$$$$$$$$$$$$$$$$$$$$$$$$

## SHAH-RAMAKRISHNA

ശ്രീരാമകൃഷ്ണ പരമഹംസന്റെ ചരമവാർഷികത്തിൽ, ആദരാഞ്ജലി അർപ്പിച്ച് ആഭ്യന്തരമന്ത്രി അമിത് ഷാ . ശ്രീരാമകൃഷ്ണൻ മതത്തെ വെറും വിശ്വാസമാക്കി മാത്രമല്ല, സേവനത്തിനും മനുഷ്യക്ഷേമത്തിനുമുള്ള ഒരു മാധ്യമമാക്കി മാറ്റിയെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$

## ODISHA-FLOOD

ഒഡീഷയിൽ പ്രളയം തുടരുന്നു. തരാണി നദിയിലെ വെള്ളപ്പൊക്കത്തെ തുടർന്ന് ജാജ്പൂർ ജില്ലയിലെ നിരവധി പ്രദേശങ്ങൾ വെള്ളത്തിനടിയിലാണ്. ഭദ്രക് ജില്ലയിൽ ഗ്രാമങ്ങൾ ഒറ്റപ്പെട്ട നിലയിലാണ് .അതിനിടെ സലാണ്ടി, ഗെൻഗുട്ടി, കൊച്ചില നദികളിൽ ജലനിരപ്പ് ഉയർന്നുവരുന്നത് ഭദ്രകിൽ വെള്ളപ്പൊക്ക ഭീഷണി വർദ്ധിപ്പിച്ചു.

$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$

$$$$$